'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൽപ്പറ്റ നഗരസഭയിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എസ്. ഷൈജു- ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

**സ.ഉ.(സാധാ) നം.622/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/03/2019

---

പരാമർശം:- നഗരകാര്യഡയറക്ടറുടെ 17.02.2018 തീയതിയിലെ

ഇ4- 342/2017 നമ്പർ കത്ത്.

## ഉത്തരവ്

കരുനാഗപ്പള്ളി നഗരസഭയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ ശ്രീ.എസ്.ഷൈജു മുൻകൂർ അവധി വാങ്ങാതെ 04.05.2015 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനാൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും തുടർന്ന് ടിയാന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും തുടർന്ന് കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു. ശ്രീ.എസ്. ഷൈജു അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 04/05/2015 മുതൽ 29.09.2015 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാൻ ഹാജരാക്കിയ അപേക്ഷ മെഡിക്കൽ/ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിലേക്ക് നൽകിയിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൽപ്പറ്റ നഗരസഭയിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.എസ്.ഷൈജു അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 04/05/2015 മുതൽ 29/09/2015 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I , ചട്ടം 8 8 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.എസ്.ഷൈജു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2,
കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ